<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673</u>      <u>06-10-2025 - ൽ മറുപടിയ്ക്ക്</u>

<u>കയ്പമംഗലം മണ്ഡലത്തിലെ പ്രവർത്തനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം കയ്പമംഗലം മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളും അതിനായി ചെലവാക്കിയ തുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | ഒരു കുടുംബം ഒരു സംരംഭം (OFOE) പദ്ധതി പ്രകാരം കയ്പമംഗലം നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>• മതിലകം ഗ്രാമപഞ്ചായത്ത് - രണ്ടു സംരംഭങ്ങൾക്കായി ₹33,267/- സബ്സിഡി നൽകി.<br>• എടവിലങ്ങ് ഗ്രാമപഞ്ചായത്ത്- ആറു സംരംഭങ്ങൾക്കായി ₹1,24,820/- രൂപ സബ്സിഡി നൽകി.<br>• എടത്തിരുത്തി ഗ്രാമപഞ്ചായത്ത് -നാല് സംരംഭങ്ങൾക്കായി ₹1,26,976/- രൂപ സബ്സിഡി നൽകി.<br>• S.N പുരം ഗ്രാമപഞ്ചായത്ത്- അഞ്ച് സംരംഭങ്ങൾക്കായി ₹1,37,910/- രൂപ സബ്സിഡി നൽകി.<br>• പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് -ഒരു സംരംഭത്തിന് ₹20,027/- രൂപ സബ്സിഡി നൽകി. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയം സംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയും കയ്പമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേനയും അല്ലാതെയും ആകെ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങളുടെ എണ്ണം 2,324 ആണ്. ആകെ സബ്സിഡിയായി ചെലവഴിച്ച തുക ₹82,07,174 രൂപ ആണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ മുനക്കൽ ബീച്ചിലെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ മുനക്കൽ ബീച്ചിന്റെ ടൂറിസം സാധ്യതകൾ പരിഗണിച്ച് അതുമായി ബന്ധപ്പെട്ട് മുൻപോട്ടു വരുന്ന സംരംഭങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും വ്യവസായ വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നുണ്ട്. കൂടാതെ വകുപ്പിന് കീഴിൽ എല്ലാ പഞ്ചായത്തുകളിലും പൊതു ബോധവൽക്കരണ ശില്പശാലകൾ , സംരംഭക സഭ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ